പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3078 — 10/03/2017 ൽ മറുപടിയ്ക്ക്

# റീസർവ്വേ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 1966 ൽ തുടങ്ങിയ റീസർവ്വേ പ്രവർത്തനം 2017 ലും പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം, നടപടികളിൽ വന്നിട്ടുള്ള വീഴ്ചകൾ എന്നിവ കണ്ടെത്തുവാനും, നിലവിലെ സർക്കാർ കാലയളവിൽ തന്നെ ഇതു പൂർത്തീകരിക്കാനും റവന്യൂ വകുപ്പ് എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 31/10/2012 മുതൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി ഉത്തരവായിരുന്നു. എന്നാൽ 24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ് (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) റീസർവ്വേ പൂർത്തീകരിക്കാത്തതു-മൂലം സിവിൽ / ക്രിമിനൽ കോടതികളിൽ വ്യവഹാരങ്ങളുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) എങ്കിൽ ഭൂമിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള പ്രശ്നപരിഹാരങ്ങൾക്കായി സംസ്ഥാന റീസർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ? | (സി) 24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ